## ഡെങ്കിപ്പനി, എലിപ്പനി എന്നിവയുടെ രോഗ ലക്ഷണങ്ങൾ

**94 (2220)** ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെങ്കിപ്പനി, എലിപ്പനി എന്നിവയുടെ രോഗലക്ഷണങ്ങളെയും അവയ്ക്കുള്ള ചികിത്സയേയും പറ്റി മോഡേൺ മെഡിസിന്റെ ആധികാരികമായ ഏതെല്ലാം ചികിത്സാ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട് ;

(ബി) ഈ രോഗങ്ങളെപ്പറ്റി ഈ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ലക്ഷണങ്ങൾ, ചികിത്സ എന്നിവ എന്തെന്ന് വിശദീകരിക്കുമോ ;

(സി) ഈ കാര്യങ്ങൾക്ക് വമ്പിച്ച പ്രചാരണം കൊടുക്കുവാൻ നടപടിയെടുക്കുമോ ?

### ഉത്തരം

(എ) ഹാരിസൺസ് പ്രിൻസിപ്പിൾസ് ഓഫ് ഇന്റേണൽ മെഡിസിൻ, ഓക്സ്ഫോർഡ് ടെക്സ്റ്റ്, ബുക്ക് ഓഫ് മെഡിസിൻ, ഡേവിഡ് സൺസ് പ്രിൻസിപ്പിൾസ് ആന്റ് പ്രാക്ടീസ് ഓഫ് മെഡിസിൻ, ടെക്സ്റ്റ് ബുക്ക് ഓഫ് പീഡിയാട്രിക്സ്, ട്രോപിക്കൽ ഡീസീസസ് തുടങ്ങിയ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി) ഡെങ്കിപ്പനി - 2 മുതൽ 7 ദിവസം വരെയുള്ള പനിയും താഴെ പറയുന്ന ലക്ഷണങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണവും ഉണ്ടെങ്കിൽ ഡെങ്കിപ്പനിയാകാം.

1. തലവേദന
2. കണ്ണുകൾക്ക് പുറകിലുള്ള വേദന
3. ദേഹമാസകലം വേദന
4. സന്ധികൾക്ക് വേദന
5. തിണർത്ത പാടുകൾ
6. രക്തസ്രാവം
7. രക്തത്തിലെ ശ്വേതാണുക്കളുടെ കുറവ്

ചികിത്സ

പനികുറയുന്നതുവരെ നിർബന്ധ വിശ്രമം, പനി കുറയാനുള്ള മരുന്നുകൾ (ആസ്പിരിൻ, ബ്രൂഷൻ തുടങ്ങിയവ ഒഴിവാക്കുക) രോഗലക്ഷണങ്ങൾക്ക് അനുസരിച്ചുള്ള ചികിത്സ വീട്ടിൽ ലഭ്യമായ പാനീയങ്ങൾ ആവശ്യാനുസരണം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

എലിപ്പനി

പെട്ടെന്നുണ്ടാകുന്ന തലവേദന, ദേഹവേദന, പനി, കണ്ണു ചുവപ്പ്, വിശപ്പ് കുറവ്, ഛർദ്ദി തുടങ്ങിയവയാണ് രോഗലക്ഷണങ്ങൾ, പെനിസിലിൻ മരുന്നാണ് ചികിത്സ, മറ്റ് ആന്റിബയോട്ടിക്കുകളും ഉപയോഗിക്കാം.

(സി) രോഗം പകരുന്ന രീതി, രോഗലക്ഷണങ്ങൾ, രോഗം വരാൻ കൂടുതൽ സാദ്ധ്യതയുള്ള ആളുകൾ/പ്രദേശങ്ങൾ രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടേണ്ടതിന്റെ ആവശ്യകത, വൈകിയാൽ ഉണ്ടാകുന്ന ഗുരുതരാവസ്ഥകൾ, രോഗം തടയുവാനുള്ള മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് വമ്പിച്ച പ്രചാരണം കഴിഞ്ഞ കുറേ വർഷങ്ങളായി നടത്തിവരുന്നുണ്ട്.

**ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ച വ്യാധികളാൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ മരിച്ചവർ**

**95 (2221)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ കാരണം കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

സംസ്ഥാനത്ത് 2001 മുതൽ 2003 ജൂലൈ 5 വരെ ഡെങ്കിപ്പനി ബാധിച്ച് 39 പേരും, എലിപ്പനി ബാധിച്ച് 354 പേരും മരണമടഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ ഡെങ്കിപ്പനി മൂലമുള്ള മരണ നിരക്ക് താരതമ്യേന വർദ്ധിക്കുകയും എലിപ്പനി മൂലമുള്ള മരണ നിരക്ക് വളരെ ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ പടർന്നു പിടിക്കുന്ന പനിയും പകർച്ചവ്യാധികളും തടയാൻ നടപടി**

**96 (2222)** ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പനിയും പകർച്ചവ്യാധികളും പടർന്നു പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന ജില്ലാ ആശുപത്രിയിൽ പനിക്കും മറ്റ് രോഗങ്ങൾക്കുമുള്ള അവശ്യമരുന്നുകൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മരുന്നുകൾ എത്തിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly